# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

ഒക്ടോബർ 7 ചൊവ്വ


## ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ച് നവജ്യോതി കോളേജ്




നവജ്യോതി കോളേജ് എൻ.എസ് എസ് യൂണിറ്റും, ബ്ലഡ് ഈസ് റെഡ് കൂട്ടായ്മ കണ്ണൂർ ജില്ലാ കമ്മിറ്റിയും സംയുക്തമായി പയ്യന്നൂർ സഹകരണ ഹോസ്പിറ്റലിലേക്ക് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. കോളേജ് ബർസാർ ഫാ. അരുൺ ജെയിംസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാ.ജോസഫ് ചാത്തനാട്ട്, പ്രിൻസിപ്പൽ ഡോ കെ.കെ.സോമശേഖരൻ, ഡയറക്ടർ ഫാ.സിജോയ് പോൾ,പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി,ബി.ഐ.ആർ.കെ. കാസർഗോഡ് ജില്ലാ കമ്മിറ്റി ജോയിന്റ് സെക്രട്ടറി ബിജു കാലിച്ചാമരം,എൻ എസ് എസ് യൂണിറ്റ് സെക്രട്ടറി വിഷ്ണുദാസ് വി.പി എന്നിവർ സംസാരിച്ചു. ക്യാമ്പിൽ നിരവധി വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു.

## സ്നേഹതീരം പൊതിച്ചോറ് വിതരണം നടത്തി നവജ്യോതി കോളേജ്



ചെറുപുഴ: നവജ്യോതി കോളേജ് സോഷ്യൽ വർക്ക്, സൈക്കോളജി , ഇക്കണോമിക്സ് വിഭാഗങ്ങളുടെ നേതൃത്വത്തിൽ ചാണോക്കുണ്ട് കാരുണ്യഭവനിലും, കണ്ണിവയൽ ലിറ്റിൽ ഫ്ളവർ ഓൾഡ് എയ്ജ് ഹോമിലെ അന്തേവാസികൾക്കും പൊതിച്ചോർ വിതരണം ചെയ്തു. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും പൊതിച്ചോറ് ശേഖരിച്ചാണ് വിതരണം നടത്തിയത് . കോളേജ് ഡയറക്ടർ ഫാ.സിജോയ് പോൾ സി.എസ്. റ്റി, പ്രിൻസിപ്പൽ ഡോ.കെ.കെ സോമശഖരൻ സാർ എന്നിവർ പൊതിച്ചോർ വിതരണം നടത്തി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾ അന്തേവാസികളുമായി സ്നേഹാന്വേഷണങ്ങൾ നടത്തുകയും വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. പരിപാടികൾക്ക് ഡിപ്പാർട്ട്മെന്റ് മേധാവി ഫാ.ബിനോയി തോമസ് സി.എസ്.ടി നേതൃത്വം നൽകി.

## ഗാന്ധി ജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനം നടത്തി




ചെറുപുഴ നവജ്യോതി കോളേജിൽ പ്രവർത്തിക്കുന്ന ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി ജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനം നടത്തി. ഗാന്ധി ജയന്തി ദിനമായ ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചക്ക് 2 മണി വരെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി പൊതു വഴിയോരങ്ങളിലെ പൊതു ദിശാ ബോർഡുകൾ ആണ് വിദ്യാർത്ഥികൾ ശുചീകരിച്ചത്.വയക്കരമുണ്ട്യ മുതൽ മച്ചിയിൽ വരെയുള്ള ഏകദേശം 55 ദിശാ ബോർഡുകൾ ആണ് കഴുകി വൃത്തിയാക്കിയത്. ധാരാളം വാഹനങ്ങൾ കടന്നുപോകുന്ന ഈ വഴിയിൽ ,ഏവർക്കും ഉപകാരപ്രദമാണ് വിദ്യാർത്ഥികളും വേറിട്ട ഈ പ്രവർത്തനം. ശുചീകരണ പ്രവർത്തനങ്ങൾക്ക് ഫാദർ ജോസ് താമരക്കാട്ട്, ഫ്ലോറ നേച്ചർ ക്ലബ്ബ് അംഗങ്ങളായ ജസീൽ എ. വി. , ജിനു ഷാജി എന്നിവർ നേതൃത്വം നൽകി.

## BCASA ‘E-വിദ്യ’ community outreach -പ്രോഗ്രാം സംഘടിപ്പിച്ചു.



**അരുണിമ കെ**

ചെറുപുഴ: നവജ്യോതി കോളേജ് Department of Computer Studies വിഭാഗം- Association BCASA യും ,അധ്യാപികയായ പ്രിയങ്ക സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ 2025 സെപ്റ്റംബർ 27ന് E-വിദ്യ എന്ന community outreach പ്രോഗ്രാം ചേരംകല്ല് കോളനിയിൽ സംഘടിപ്പിച്ചു. സമൂഹവുമായി വിദ്യാർത്ഥികളെ ബന്ധിപ്പിക്കുകയും, ഡിജിറ്റൽ ലോകത്തെക്കുറിച്ചുള്ള പ്രാഥമിക അറിവുകൾ പൊതുജനങ്ങളുമായി പങ്കുവെക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. രാവിലെ 9.30ന് ആരംഭിച്ച പരിപാടിയിൽ, കോളനിയിലെ മുതിർന്നവരെയും യുവാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി വിവിധ സെക്ഷനുകൾ ക്രമീകരിച്ചു.മൊബൈൽ ഫോൺ ഇന്ന് എല്ലാവരും കൈയിൽ വഹിക്കുന്നതിനാൽ, അതിനെ ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടത് എത്രത്തോളം പ്രധാനമാണെന്ന് വ്യക്തമാക്കി. കോളനിയിലെ ആളുകൾക്ക് ഫോണിന്റെ അടിസ്ഥാന ഫീച്ചറുകൾ, സുരക്ഷിതമായ രീതിയിൽ ഓൺലൈൻ പേയ്മെന്റുകളും ഉപയോഗിക്കുന്ന വിധം, ഡിജിറ്റൽ തട്ടിപ്പുകൾ തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. ചെറിയ കുട്ടികൾക്കായി ചെറിയ ഗെയിമുകളും രസകരമായ ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചു. വിജയികൾക്ക് വിദ്യാർത്ഥികൾ സമ്മാനങ്ങൾ നൽകി. സമൂഹവുമായി ചേർന്ന് പ്രവർത്തിച്ച് അറിവ് പങ്കുവെക്കാൻ വിദ്യാർത്ഥികൾക്ക് ലഭിച്ച മികച്ചൊരു അവസരമായിരുന്നു E- വിദ്യ.

# അധ്യാപനത്തിന്റെ പൊൻപുലരി

ജോമരിയ സ്റ്റാൻലി

അർപ്പണബോധമുള്ള അധ്യാപക ജീവിതത്തെ കുറിച്ചുള്ള ഓർമപ്പെടുത്തലോടെയാണ് ഓരോ അധ്യാപക ദിനവും കടന്നുവരുന്നത്. ഡോ.എസ്. രാധാകൃഷ്ണൻ രാഷ്ട്രപതിയായപ്പോൾ ശിഷ്യന്മാരും സുഹൃത്തുക്കളും അദ്ദേഹത്തെ സമീപിച്ചു. അവരുടെ പ്രിയപ്പെട്ട അധ്യാപകന്റെ ജന്മദിനമായ സെപ്റ്റംബർ അഞ്ച് ഒരു ആഘോഷമാക്കി മാറ്റാൻ ആഗ്രഹിക്കുന്നുവെന്നും, അതിന് അനുവദിക്കണമെന്നുമായിരുന്നു അവരുടെ ആവശ്യം. അദ്ദേഹമത് സ്നേഹപൂർവ്വം നിരസിച്ചു. ഒരു വ്യക്തിയുടെ ജന്മദിനം കൊണ്ടാടുന്നതിനോട് അദ്ദേഹത്തിന് തീരെ താല്പര്യമുണ്ടായിരുന്നില്ല. പക്ഷെ അവർ വിട്ടില്ല. ഒടുവിൽ തന്നെ സമീപിച്ചവരുടെ സ്നേഹനിർബന്ധങ്ങൾക്കൊടുവിൽ അദ്ദേഹം അവരോട് പറഞ്ഞു. നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ സെപ്റ്റംബർ അഞ്ച് എന്റെ ജന്മദിനമായി കൊണ്ടാടുന്നതിന് പകരം അധ്യാപകദിനമായി ആഘോഷിക്കുന്നത് ആലോചിക്കാം.ആ കൂടിക്കാഴ്ചയിൽ നിന്നാണ് ജീവിത യാത്രയിൽ വഴികാട്ടികളായ അധ്യാപകരുടെ സേവനങ്ങൾ ഓർമിക്കാൻ ഒരു ദിനം പിറവി കൊണ്ടത്.

സെപ്റ്റംബർ അഞ്ച് നവജ്യോതിയെ സംബന്ധിച്ചും ഏറെ പ്രത്യേകതകൾ നിറഞ്ഞ ദിവസമാണ്. അധ്യാപകരെ ഓർക്കാനും അവരുടെ ക്ഷേമത്തിനു വേണ്ടി കുട്ടികൾ ഒരേ മനസ്സോടെ പ്രവർത്തിക്കാനും തയ്യാറാവുന്ന ഒരു ദിനം. കലാലയങ്ങളെ സംബന്ധിച്ച് എപ്പോഴും പിണക്കങ്ങളും പരിഭവങ്ങളും കലർന്നതായിരിക്കും അധ്യാപക വിദ്യാർത്ഥി ബന്ധം. എന്നാൽ ഇവക്കെല്ലാം ശേഷം പഴയ ഊർജത്തോടെ പരസ്പരം ചേർത്തു പിടിക്കാനും തെറ്റുകൾ തിരുത്താനും സാധിക്കുമ്പോഴാണ് അവിടെ ഒരു പുതിയ പ്രകാശം ജ്വലിക്കുന്നത്. അതിനു സഹായകമായ ഒരു ദിനം കൂടിയാണ് ഈ അധ്യാപക ദിനം. ഇത്തവണ ഓണപ്പൂക്കളുടെ വരവേൽപ്പോടെയാണ് അധ്യാപക ദിനം പുലരിയുണർന്നത്. ആശംസകളുടെ ഇടയിൽ തിളങ്ങി ഇക്കൊല്ലത്തെ അധ്യാപക ദിനവും. ആദ്യ അക്ഷരം പറഞ്ഞു തന്നവർ മുതൽ ബിരുദവും ബിരുദാനന്തര ബിരുദവുംവരെ കൈപിടിച്ചുയർത്തുന്ന എല്ലാ അധ്യാപകർക്കും സ്നേഹവും സന്തോഷവും എക്കാലവും ഉണ്ടാവട്ടെ.

# ബ്രെയിൻ ബ്ലിറ്റ്സ്

## മികച്ച മാർക്കറ്റിംഗ് ടീമിനെ കണ്ടെത്തി മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ്






നവജ്യോതി കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ആൽഫ മാനേജ്മെന്റ് ക്ലബ് സംഘടിപ്പിച്ച ബ്രെയിൻ ബ്ലിറ്റ്സ് ബെസ്റ്റ് മാർക്കറ്റിംഗ് ടീം കോംപറ്റീഷൻ സെപ്റ്റംബർ 12ന് കോളേജ് സെമിനാർ ഹാളിൽ വൈകുന്നേരം രണ്ട മണിക്ക് തുടങ്ങി. മാനേജ്മെന്റ് ഫെസ്റ്റുകൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിനോടൊപ്പം മാർക്കറ്റിംഗ് കഴിവുകളും സൃഷ്ടിപരമായ ചിന്തകളും വളർത്തുകയാണ് മത്സരത്തിന്റെ പ്രധാന ഉദ്ദേശ്യം. വിവിധ വകുപ്പുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ചേർന്ന 20 ടീമുകൾ (ഓരോ ടീമിലും രണ്ട പേർ) മത്സരത്തിൽ പങ്കെടുത്തു.മത്സരം നാല് ഘട്ടങ്ങളിലായി നടന്നു. ജനറൽ ക്വിസ് ഉൾപ്പെടുന്ന ആദ്യഘട്ടം വിദ്യാർത്ഥികളുടെ പൊതുവിജ്ഞാനവും വ്യാപാരബോധവുമാണ് പരിശോധിച്ചത്. ലോഗോ ഐഡന്റിഫിക്കേഷൻ ഉൾപ്പെട്ട രണ്ടാംഘട്ടം പ്രശസ്ത ബ്രാൻഡുകളുടെ തിരിച്ചറിവ് പരീക്ഷിച്ചു.ആദ്യ രണ്ടു ഘട്ടങ്ങളിലെ ശരാശരി മാർക്കുകൾ പരിഗണിച്ച് മാർക്കറ്റിംഗ് അവർ കോളേജ് എന്ന മൂന്നാം റൗണ്ടിലേക്ക് പത്ത് ടീമുകളെ തെരഞ്ഞെടുത്തു. കോളേജിനെ വിപണനം ചെയ്യാനുള്ള സൃഷ്ടിപരമായ ആശയങ്ങൾ അവതരിപ്പിക്കേണ്ടിവന്ന ഈ ഘട്ടം വിദ്യാർത്ഥികളുടെ പുതുമയുള്ള ചിന്തയും അവതരണ ശേഷിയും തെളിയിച്ചു. പി.ജി. കൊമേഴ്സ് വിഭാഗം മേധാവി മിസ്റ്റർ മാത്യു എം.ജെ., പ്രിൻസിപ്പൽ ഡോ. കെ.കെ. സോമശേഖരൻ, മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഫാദർ. അരുൺ ജെയിംസ് പി. എന്നിവർ മൂന്നാം റൗണ്ടിന്റെ വിധികർത്താക്കളായിരുന്നു. ഇവരുടെ വിലയിരുത്തലിനെ തുടർന്ന് നാലു ടീമുകൾ അവസാന ഘട്ടമായ പസിൽ റൗണ്ടിലേക്ക് യോഗ്യത നേടി.ഈ ഘട്ടം വിദ്യാർത്ഥികളുടെ പുതുമയുള്ള ചിന്തയും അവതരണ ശേഷിയും തെളിയിച്ചു. സെപ്റ്റംബർ 15ന് നടന്ന ഫൈനൽ റൗണ്ടിൽ ടീമുകൾക്ക് പ്രശസ്ത വ്യവസായികളുടെ ചിത്രങ്ങൾ ശരിയായി ക്രമീകരിക്കാനും ഒരാളെക്കുറിച്ച് ചുരുങ്ങിയ അവതരണം നടത്താനും നിർദേശം നൽകി. മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ലയന ലക്ഷ്മണൻ, അർച്ചന പി. എന്നിവർ വിധികർത്താക്കളായി. ടീമുകളുടെ പസിൽ ക്രമീകരിക്കുവാനുള്ള കഴിവ്, അവതരണ വൈദഗ്ധ്യം, ഗവേഷണ കഴിവ് എന്നിവ വിലയിരുത്തിയാണ് വിജയികളെ തെരഞ്ഞെടുത്തത്.ഫസ്റ്റ് പ്രൈസ് ബി.സി.എ. വിഭാഗത്തിലെ അജയ് ജോസഫ് അലൻ ജെ. വർഗീസ് ടീമിനാണ് ലഭിച്ചത്. സെക്കൻഡ് പ്രൈസ് ബി.കോം. വിഭാഗത്തിലെ ക്രിസ്റ്റി അഭിനവ് സന്തോഷ് നേടിയപ്പോൾ, തേർഡ് പ്രൈസ് ബി.കോം. വിഭാഗത്തിലെ ആതിര കെ.ബി. അനുപ്രിയ സുരേഷ് എന്നിവർ നേടി. അവസാനമായി ആൽഫ മാനേജ്മെന്റ് ക്ലബ് ഇൻചാർജ് അനുരാഗ് എം.ജി. എല്ലാ മത്സരാർത്ഥികൾക്കും, സഹസംഘാടകർക്കും, അധ്യാപകർക്കും, പിന്തുണച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ ചിന്തയും ടീം വർക്കും വളർത്തിയെടുക്കുന്നതിൽ ഏറെ പ്രയോജനകരമായ പരിപാടിയായി ബ്രെയിൻ ബ്ലിറ്റ്സ് മാറി.

# കമ്പ്യൂട്ടർ സ്റ്റഡീസ് വിഭാഗത്തിന്റെ 'STACKHACKS' ഓൺലൈൻ വർക്ക്ഷോപ്പ് നടത്തി

ചെറുപുഴ: നവജ്യോതി കോളേജ് കമ്പ്യൂട്ടർ സ്റ്റഡീസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ **MERN** സ്റ്റാക്ക് ഡെവലപ്മെന്റിൽ **'STACKHACKS'** എന്ന പേരിൽ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. 2025 സെപ്റ്റംബർ 3ന് നടന്ന ഈ പരിപാടിയിൽ **BCA** വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായ പ്രായോഗിക പരിശീലനം നൽകി. വർക്ക്ഷോപ്പിൽ പൂർവ്വ വിദ്യാർത്ഥിയും നിലവിൽ ജൂനിയർ സോഫ്റ്റ്വെയർ എഞ്ചിനീയറായി **Infopark** ൽ- **Ayata Commerce** എന്ന **company** ൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന അലൻ സിബിയാണ് റിസോഴ്സ് പേഴ്സണായി എത്തിയത് . അദ്ദേഹത്തിന്റെ




പരിചയസമ്പന്നമായ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് **MERN** സ്റ്റാക്ക് സാങ്കേതികവിദ്യകളെക്കുറിച്ച് ആഴത്തിലുള്ള അറിവ് നൽകി. പരിപാടിയിലേക്ക് കമ്പ്യൂട്ടർ സ്റ്റഡീസ് വിഭാഗം എച്ച്. ഒ. ഡി. **Mrs. Aney Suphalamma N Mathew** സ്വാഗതം ആശംസിച്ചു. **BCA** ഒന്നാം വർഷം, രണ്ടാം വർഷം, മൂന്നാം വർഷം വിദ്യാർത്ഥികൾക്കായാണ് ഈ വർക്ക്ഷോപ്പ് പ്രധാനമായും നടത്തിയത്. ഓൺലൈൻ മോഡിൽ നടന്ന പരിപാടിയിൽ പ്രായോഗിക സെഷനുകൾ ഉൾപ്പെടുത്തിയത് വിദ്യാർത്ഥികൾക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായകമായി. ഫുൾ സ്റ്റാക്ക് വെബ് ഡെവലപ്മെന്റിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളെ പരിചയപ്പെടാൻ ഈ വർക്ക്ഷോപ്പ് വിദ്യാർത്ഥികൾക്ക് ഒരു പുതിയ ദിശാബോധം നൽകി.

## എൻ എസ് എസ് ദിനാഘോഷം



മെൽവിൻ ജിയോ മാത്യു.

എൻ എസ് എസ് ദിനത്തോടനുബന്ധിച്ച് ചെറുപുഴ നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് 56 ന്റെ നേതൃത്വത്തിൽ കടുമേനി ഹോളി ഫാമിലി വൃദ്ധ സദനം സന്ദർശിച്ചു. അന്തേവാസികളായ അമ്മമാരോടൊപ്പം കുറേയധികം സമയം ചില വഴിക്കാൻ വോളണ്ടിയേഴ്സിന് സാധിച്ചു.

## ബോധവത്ക്കരണ ക്ലാസ് നടത്തി എൻ എസ് എസ്



അനിറ്റ് ജെയ്സൺ

ആത്മഹത്യാ വിരുദ്ധ ദിനത്തോടനുബന്ധിച്ച് എൻ എസ് എസ് യൂണിറ്റ് 56 ന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. സെപ്റ്റബർ 12 ന് നടന്ന പരിപാടിയിൽ ബി.കോം വിഭാഗം അസിസ്റ്റന്റ് പ്രഫസർ എബി ജോസ് പി. ബോധവത്ക്കരണ ക്ലാസ് കൈകാര്യം ചെയ്തു.

# വിജയകരമായി 'ട്രാൻസിലേഷൻ കോണ്ടെസ്റ്റ് '.





നവജ്യോതി കോളേജ് പിജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് **INKJOURN** ക്ലബ്ബിന്റെ നേതൃത്വത്തിൽ ട്രാൻസിലേഷൻ കോൺടെസ്റ്റ് നടത്തി. സെപ്റ്റംബർ 29 രണ്ടു മണിയ്ക്ക് കോളേജ് സെമിനാർ ഹാളിൽ വച്ചായിരുന്നു പരിപാടി നടന്നത്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെ ടുത്തു. രണ്ടുപേർ അടങ്ങുന്ന 6 ടീമുകളാണ് പരിപാടിയിൽ പങ്കെടുത്തത്. ട്രാൻസ്ലേഷൻ കോണ്ടസ്റ്റിൽ മത്സരങ്ങളെ മൂന്ന് ഘട്ടങ്ങളായി തരംതിരിച്ചിരുന്നു.ഒന്നാം ഘട്ടം മലയാളം ഇംഗ്ലീഷ് വേർഡ് ട്രാൻസ്ലേഷൻ, രണ്ട് ഇംഗ്ലീഷ് പാരഗ്രാഫ് ട്രാൻസ്ലേഷൻ, മൂന്ന് സ്പീച്ച് ട്രാൻസ്ലേഷനൻ, മാർക്കടിസ്ഥാനത്തിൽ മൂന്ന് ടീമുകളെ വിജയികളായി പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം ഒന്നാം വർഷ ബി ബി എ വിദ്യാർത്ഥികളായ ജീസൺ സാബു ജോസഫ്, അമൽ എസ് വർഗീസ്.രണ്ടാം സമ്മാനം രണ്ടാം വർഷ ബി സി എ വിദ്യാർത്ഥികളായ അദ്വൈത് കുമാർ കെഎം, ജസ്റ്റിൻ ടോം. മൂന്നാം സമ്മാനം രണ്ടാംവർഷ ബികോം വിദ്യാർത്ഥികളായ മുഹമ്മദ് ആഷിക് സി എ, ജേക്കബ് വർഗീസ് എന്നിവർക്കാണ്. എല്ലാവർക്കും സ്വാഗതം നൽകിയതും പരിപാടിക്ക് നേതൃത്വം നൽകിയതും **INKJOURN** ക്ലബ്ബ് പ്രസിഡന്റ് ജോയൽ എസ് ജോർജ് ആയിരുന്നു. പരിപാടിക്ക് ആശംസകൾ നൽകിയത് നവജ്യോതി കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ ആണ്. പിജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് **HOD** ആതിര സി വി, കരോളിൻ മരിയ, നമിത മാത്യു എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. മറ്റു പിജീ ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് വിദ്യാർഥികളുടെ പങ്കാളിത്തവും പരിപാടിയെ വിജയത്തിൽ എത്തിക്കാൻ സാധിച്ചു.

## BCASA ഇൻസ്റ്റല്ലേഷൻ സെറിമണി 2025 26




ജീവൻ ജോയ്

ചെറുപുഴ: നവജ്യോതി കോളേജ് **BCA Students Association (BCASA)** 2025 2026 ലെ **Installation Ceremony Sept** 18ന് കോളേജ് സെമിനാർ ഹാളിൽ വച്ചു നടത്തിയ യോഗത്തിൽ, ക്ലബ്ബിലെ എല്ലാ മെമ്പർമാരുടെയും സാന്നിധ്യത്തിൽ, വിദ്യാർത്ഥികൾ ഐക്യകണ്ഠേന തെരഞ്ഞെടുത്ത ഭാരവാഹികളുടെ സ്ഥാനാരോഹണമാണ് നടന്നത്. കംപ്യൂട്ടർ സ്റ്റഡീസ് വിഭാഗം മേധാവിയായ ആനി സുഫലാമയുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയായിരുന്നു തെരഞ്ഞെടുപ്പ്. പ്രസിഡന്റ് സ്ഥാനത്തേക്ക് ജീവൻ ജോയ് തിരഞ്ഞെടുക്കപ്പെട്ടു.നിതിൻ എംപി സെക്രട്ടറിയായും അനന്യ ജോർജ് ജോയിന്റ് സെക്രട്ടറിയായും അബിജിത് ബെന്നി ട്രഷററായും 1**st year** റിപ്രെസെന്റാറ്റീവ് ആയി അശ്വതി പീ എ ഉം, 2**nd** ഇയർ റിപ്രെസെന്റാറ്റീവ് ആയി സൗരവ് പി ഉം 3**rd year** റിപ്രെസെന്റാറ്റീവ് ആയി അബിൻ ചെറിയാൻ ബിനു ഉം തിരഞ്ഞെടുക്കപ്പെട്ടു. 2024 25 BCASA പ്രസിഡന്റ് സാന്ത്വയിൻ എസ് അമ്പാട്ട് കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ട്രഷറർ അശ്വിൻ ബിജു 2024 25 വർഷത്തെ കണക്കുകൾ അവതരിപ്പിച്ചു. സൗഹൃദപരമായ അന്തരീക്ഷത്തിലാണ് തെരഞ്ഞെടുപ്പ് പൂർത്തിയായത്. എല്ലാ വിദ്യാർത്ഥികളും പരിപാടിയിൽ സജീവമായി പങ്കെടുത്തു.

## സ്ട്രെസ് മാനേജ്മെൻറ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.




19/ 9/ 2025 നവജ്യോതി കോളേജ് ലക്ഷ്യ വുമൺസെൽ സ്ട്രസ്സ് ലെസ്സ് ലൈവ് മോർ എന്ന പേരിൽ സ്ട്രെസ്സ് മാനേജ്മെൻറ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ **Dr.** കെ കെ സോമശേഖരൻ സർ അധ്യക്ഷത വഹിച്ചു . വുമൺ സെൽ മെമ്പേഴ്സും, വിവിധ ഡിപ്പാർട്ട്മെൻറ്കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മുപ്പതോളം വിദ്യാർഥിനികളും വർക്ക്ഷോപ്പിൽ പങ്കെടുത്തു. യോഗവിദ്യ പ്രാണിക് ഹീലിംഗ് ഇന്ററാക്ഷൻ. മിസ്റ്റർ. വിജയ് സംഗീദ് മലവിൽ വർഷോപ്പ് നയിച്ചു. വിദ്യാർത്ഥികൾ അനുഭവിക്കുന്ന സ്ട്രെസ് എങ്ങനെ മാനേജ് ചെയ്യാമെന്ന് അദ്ദേഹം വർക്ക്ഷോപ്പിലൂടെ വിദ്യാർത്ഥികളുമായി പങ്കുവെച്ചു.വിദ്യാർത്ഥികൾ ഏറെ ആസ്വദിച്ചതും, ഉപകാരപ്രദമായതുമായ ഒരു വർക്ക് ഷോപ്പായി സ്ട്രെസ് ലെസ്സ് ലൈവ് മോർ മാറി.




